**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1297 — 03/12//2015 ൽ മറുപടിയ്ക്ക്

**ഭൂരഹിതർക്ക് ഭൂമി**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിൽ കൊയിലാണ്ടി താലൂക്ക്, അവിടനല്ലൂർ വില്ലേജിലെ, റീ സർവ്വേ 33 ൽ 1 ബി., 3 ബി. എന്നിവയിൽപ്പെട്ട 3 ഏക്കർ 20 സെന്റ് ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുത്തിട്ടുണ്ടോ; | (എ) കൊയിലാണ്ടി താലൂക്കിലെ അവിടനല്ലൂർ വില്ലേജിലെ, റീ സർവ്വേ 33 ൽ 1 ബി., 3 ബി.എന്നിവയിൽപ്പെട്ട ഭൂമി ഭൂരഹിതർക്കായി പതിച്ച് നൽകിയിട്ടില്ല. എന്നാൽ സർവ്വേ നം.33/1A,-, 3-A ൽപ്പെട്ട 3.20 ഏക്കർ ഭൂമി 32 പേർക്കായി 10 സെന്റ് വീതം പതിച്ചു നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇനത്തിൽ അപേക്ഷകരോട് എത്ര രൂപ വിവിധ ഫീസുകളോ ചാർജ്ജുകളോ നികുതികളോ ആയി വസൂൽ ചെയ്തിട്ടുണ്ട്; ഇവർക്ക് മേപ്പടി ഭൂമിയുടെ പട്ടയം അനുവദിച്ചിട്ടുണ്ടോ; | (ബി) പതിച്ചുനൽകിയവരിൽ നിന്ന് 160 രൂപാ വീതം ക്രയവില ഈടാക്കുകയും പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) എങ്കിൽ ഭൂമി അതിർത്തി നിർണ്ണയിച്ച് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമെന്താണ്; ഇതു സംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ടോ; തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) പതിച്ചു നൽകിയ ഭൂമിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മുൻസിഫ് കോടതിയിൽ O.S 229/12ാം നമ്പരായി കേസ് നിലവിലുണ്ട്. അതിനാൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ